(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ടോട്ടൽ സ്റ്റേഷൻ എന്ന ഇലക്ട്രോണിക് ഉപകരണം ഉപയോഗിച്ച് അളവുകൾ നടത്തുന്നതിനും കമ്പ്യൂട്ടറുകൾ, പ്ലോട്ടർ, പ്രിന്റർ തുടങ്ങിയവ ഉപയോഗിച്ച് മാപ്പുകളും മറ്റുരേഖകളും തയ്യാറാക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ കമ്പ്യൂട്ടറികൾ എന്നിവ തൃശ്ശൂർ ജില്ലയിൽ സ്ഥാപിച്ച് ഒരു വില്ലേജിന്റെ റീസർവ്വെ നടത്തുന്നുണ്ട്. കൂടാതെ അഞ്ച് ജില്ലകളിൽകൂടി ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

28 (*148) പീഡിത ടെക്സ്റ്റയിൽ വ്യവസായത്തിന്റെ പുനരുദ്ധാരണം

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ. സുധാകരൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലെ പീഡിത ടെക്സ്റ്റയിൽ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കു വേണ്ടിവരുന്ന മുതൽമുടക്ക് ഏതുവിധത്തിലായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ടെക്സ്റ്റയിൽ മേഖല നവീകരണത്തിന് കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള 2500 കോടി രൂപയുടെ പദ്ധതിയിൽ നിന്നും സംസ്ഥാന ടെക്സ്റ്റയിൽ മേഖലയ്ക്ക് അർഹമായ വിഹിതം നേടിയെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ പദ്ധതി വിപുലമായ രീതിയിൽ നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) നവീകരണ പ്രവർത്തനത്തിനാവശ്യമായ ഗവേഷണ പഠനങ്ങൾക്ക് എന്തെങ്കിലും സംവിധാനം ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ലോകമാർക്കറ്റിൽ പിടിച്ചുനിൽക്കാൻ തക്ക നിലവാരമുള്ള ഉൽപ്പന്നങ്ങൾ നവീകരണ പ്രക്രിയ വഴി കൂടുതലായി നിർമ്മിക്കാൻ ലക്ഷ്യം ഇട്ടിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ):

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും എല്ലാ തുണിമില്ലുകളുടെയും സമഗ്ര നവീകരണത്തിനും മറ്റ് അത്യന്താപേക്ഷിതമായ മൂലധന ക്രമീകരണത്തിനു

LIBRARY ARCHIVES Kerala Legislative Assembly

മായി 97 കോടിയോളം രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഒരു മാസ്റ്റർ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും എല്ലാ തുണിമില്ലുകളുടെയും പുനരുദ്ധാരണത്തിന് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

യന്ത്രസാമഗ്രികളുടെ നവീകരണത്തിനുള്ള ചെലവുകൾ	രൂപ 78.75 കോടി
സ്വയം പിരിഞ്ഞുപോകൽ പദ്ധതി ചിലവുകൾ	രൂപ 13.70 കോടി
ദീർഘകാല വായ്പകളുടെ തിരിച്ചടയ്ക്കൽ	രൂപ 06.00 കോടി
	രൂപ 98.45 കോടി
പ്രവർത്തന മൂലധനത്തിന്റെ പുനർക്രമീകരണം	രൂപ 01.80 കോടി
	രൂപ 96.65 കോടി

(സി) ഈ പദ്ധതിക്ക് വേണ്ടിവരുന്ന മുതൽമുടക്ക് സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയിട്ടുള്ള കേരള വ്യവസായ പുനരുദ്ധാരണ നിധിയും കേന്ദ്ര ഗവൺമെന്റിന്റെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നുള്ള കുറഞ്ഞ പലിശനിരക്കിലുള്ള ദീർഘകാല വായ്പകളും ബാങ്കിൽ നിന്നുമുള്ള വായ്പകളും കൂട്ടിച്ചേർത്ത് സമാഹരിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്രകാരം 97 കോടിരൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദീർഘകാല വായ്പകൾക്കു വേണ്ടിയുള്ള ചർച്ചകളിൽ ഉരുത്തിരിയുന്ന അഭിപ്രായ സമന്വയ പ്രകാരം മാത്രമേ ടി പദ്ധതിയുടെ മുതൽമുടക്കിന്റെ സ്വഭാവം അന്തിമമായി തീരുമാനിക്കാനാവുകയുള്ളൂ.

(ഡി)&(ഇ) കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നും ധനകാര്യ സ്ഥാപനങ്ങൾ വഴി 5 ശതമാനം പലിശയിളവിൽ തുണിമില്ലുകൾക്ക് അവയുടെ യന്ത്രസാമഗ്രികളുടെ നവീകരണത്തിന് ദീർഘകാല വായ്പകൾ ലഭ്യമാണ്. മില്ലുകളുടെ നിലവിലുള്ള സ്ഥിതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പദ്ധതിയുടെ സാമ്പത്തിക സാങ്കേതിക വിജയ സാധ്യതയും ഐ.ഡി.ബി.ഐ വിലയിരുത്തിയശേഷം മാത്രമേ ഇപ്രകാരമുള്ള വായ്പകൾ അനുവദിക്കുകയുള്ളൂ. മേൽവിവരിച്ച പ്രകാരമുള്ള കേന്ദ്രഗവൺമെന്റ് പദ്ധതി സഹായം ലഭിക്കത്തക്ക വിധമുള്ള നവീകരണ പദ്ധതികൾ തയ്യാറാക്കുവാൻ തുണിമില്ലുകൾക്ക് നിർദ്ദേശം നൽകി കഴിഞ്ഞു.

(എഫ്) നൂലിന്റെ വാണിജ്യ അടിസ്ഥാനത്തിലുള്ള നിർമ്മാണം നടക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ ഉപയോഗിക്കപ്പെടുന്നത്. പഞ്ഞിയിൽ നിന്നും നൂൽ ഉൽപ്പാദിപ്പിക്കുവാനുള്ള തികച്ചും യന്ത്രാടിസ്ഥാനമായ ഉൽപാദനരീതിയാണ്. ഇപ്രകാരമുള്ള നൂതന ഉൽപാദന രീതിയിൽ പ്രവർത്തിക്കുവാൻ കഴിയുന്ന യന്ത്രങ്ങളും അവയുടെ പ്രവർത്തന രീതികളും ടെക്സ്റ്റയിൽ യന്ത്രനിർമ്മാതാക്കൾ തന്നെ നൽകുന്നുണ്ട്. ഇക്കാരണത്താൽ നവീകരണ പ്രവർത്തനത്തിനാവശ്യമായ ഗവേഷണ പഠനങ്ങൾ സ്പിന്നിംഗ് മില്ലുകൾ സ്വയം നടത്തേണ്ട സാഹചര്യം ഉളവാകുന്നില്ല.

207/2010.

LIBRARY ARCHIVES Kerala Legislative Assembly

(ജി) പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ ഉൽപ്പന്നങ്ങൾ ലോകമാർക്കറ്റിൽ വിറ്റഴിക്കപ്പെടണമെങ്കിൽ അവയുടെ നവീകരണത്തിന് ഇപ്പോൾ കണക്കാക്കപ്പെട്ടിട്ടുള്ള ചെലവിനേക്കാൾ വീണ്ടും ഭീമമായ തുകകൾ ചെലവാക്കേണ്ടതായിവരുന്നതാണ്. അതിനാൽ സാമ്പത്തിക പരാധീനതകൾ കണക്കിലെടുത്ത് സ്പിന്നിംഗ് മില്ലുകളുടെ നവീകരണം, അവയുടെ ഉൽപ്പന്നങ്ങളെ നമ്മുടെ രാജ്യത്തെ മുൻനിരക്കാരോടൊപ്പമാക്കുവാനുതകുന്ന വിധത്തിലാണ് ഇപ്പോൾ വിഭാവന ചെയ്തിരിക്കുന്നത്.

29 (*149) കാലവർഷക്കെടുതി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെയുണ്ടായ പേമാരിയും, വെള്ളപ്പൊക്കവും മൂലമുണ്ടായ കെടുതികൾ നേരിടുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും എന്ത് തുക വീതം നീക്കിവച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കൂടെക്കൂടെ ഉണ്ടാകുന്ന വെള്ളപ്പൊക്കക്കെടുതികൾ തടയുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ):

(എ) ഇക്കൊല്ലത്തെ കാലവർഷം മുമ്പിൽ കണ്ടുകൊണ്ട്, കെടുതികൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ആശ്വാസ നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 15.5.1999-ൽ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. മുൻകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകരുതൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തന സംവിധാനം പ്രവർത്തനോൻമുഖമായി സജ്ജീകരിക്കുവാനും വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദുരിത ബാധിതരെ പുനരധിവസിപ്പിക്കേണ്ടിവന്നാൽ ഉപയോഗിക്കുന്നതിനായി പൊതുകെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി, അവ ദുരിതാശ്വാസ കേന്ദ്രങ്ങളാക്കി ഉപയോഗിക്കാനായി സജ്ജമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കടലാക്രമണം മൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുവാനും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ മൂലമുള്ള ഗതാഗത തടസ്സങ്ങൾ ഉടനടി നീക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും ഗതാഗതം പുന:സ്ഥാപിക്കുംവരെ പകരമുള്ള റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ അതിന് പകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly